# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1617** **31.01.2018 ൽ മറുപടിയ്ക്ക്**

## തരിശുരഹിത സംസ്ഥാനം

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) കൃഷി വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലം കൃഷിയോഗ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | എ) | സംസ്ഥാനത്ത് വിവിധ വിളകൾ കൃഷി ചെയ്തുകൊണ്ടിരിക്കുന്ന സ്ഥലം 2015482 ഹെക്ടറും, ഉപയോഗിക്കാതെ കിടക്കുന്ന കൃഷി യോഗ്യമായ സ്ഥലം 101379 ഹെക്ടറും , കൃഷി യോഗ്യമായ തരിശ് 72008 ഹെക്ടറും വർഷങ്ങളായി തരിശ് കിടക്കുന്നത് 55530 ഹെക്ടറും ആണ്. |
| ബി) ഇതിൽ എത്ര ഹെക്ടർ സ്ഥലം കർഷകർ വിവിധ കാരണങ്ങളാൽ തരിശായി ഇട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | സംസ്ഥാനത്ത് കൃഷി യോഗ്യമായ തരിശ് 72008 ഹെക്ടറും വർഷങ്ങളായി തരിശ് കിടക്കുന്നത് 55530 ഹെക്ടറും ആണ്. തരിശു കിടക്കുന്ന നെൽപ്പാടങ്ങൾ ജില്ലകളിൽ നിന്നും ശേഖരിച്ച കണക്ക് പ്രകാരം 46855.854 ഹെക്ടർ ആണ്. |
| സി) തരിശിട്ടിരിക്കുന്ന സ്ഥലത്ത് കൂടി കൃഷി ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ കർഷകർക്ക് ലഭ്യമാക്കി കേരളത്തെ തരിശുരഹിത സംസ്ഥാനമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; | സി) & ഡി) | ഉണ്ട്. തരിശുനിലങ്ങളിൽ കൃഷിയിറക്കുന്ന കർഷകർക്ക് തുടർച്ചയായ മൂന്നു വർഷം ആനുകൂല്യം നൽകിവരുന്നു. കർഷകനും ഭൂവുടമയ്ക്കും സഹായധനം നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5800/- രൂപയും 1200/- രൂപയും, മൂന്നാം വർഷം 3750/- രൂപയും 750/- രൂപയും ആണ് ധനസഹായം നൽകുന്നത്. തരിശായി |

| | |
|---|---|
| ഡി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ? | കിടക്കുന്ന പാടങ്ങളിൽ നെൽ കൃഷിയിറക്കുന്ന കർഷകർക്കും സംഘങ്ങൾക്കും മൂന്നു വർഷങ്ങളിലായി നൽകുന്ന ആനുകൂല്യങ്ങൾക്ക് പുറമെ, അടിസ്ഥാന സൗകര്യവികസനം ആവശ്യമുള്ളയിടങ്ങളിൽ നടപടി സ്വീകരിക്കുന്നതിനും, യുവജന പങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി നടത്തുന്നതിനും, നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥലത്തും (സ്വന്തമോ/ പാട്ടത്തിനോ) കൃഷി നടത്തുന്നതിനും പദ്ധതിയധിഷ്ഠിതമായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. തരിശു ഭൂമികളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനു പച്ചക്കറി വികസന പദ്ധതിപ്രകാരം ഒരു ഹെക്ടർ തരിശു ഭൂമി കൃഷി ചെയ്യുന്നതിനു ഹെക്ടറിനു 30000/- രൂപ ധനസഹായം നൽകും. ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഭൂവുടമയ്ക്ക് 5000/- രൂപയും കർഷകന് 25000/- രൂപയും നൽകും. 2017-18- ലെ പച്ചക്കറി വികസന പദ്ധതിയിലുൾപ്പെടുത്തി തരിശായി കിടക്കുന്ന 1000 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കാനായി 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**